ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിലെ കമ്പ്യൂട്ടറൈസേഷൻ

168 (8228) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിൽ കമ്പ്യൂട്ടറൈസേഷൻ നടത്താൻ തീരുമാനിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിച്ചത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) എന്തെല്ലാം സേവനങ്ങളാണ് പൊതുജനങ്ങൾക്കും ഫാക്ടറി മാനേജ്മെന്റിനും ഇതുവഴി ലഭിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിൽ പൂർണ്ണമായും കമ്പ്യൂട്ടറൈസേഷൻ നടത്തിയിട്ടുണ്ട്.

(ബി) കമ്പ്യൂട്ടറൈസേഷൻ നടത്തുന്നതുവഴി ചുവടെപ്പറയുന്ന ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിച്ചത്.

1. വകുപ്പിൽ നിന്നുള്ള സേവനങ്ങൾ പൊതുജനങ്ങൾ, ഫാക്ടറി തൊഴിലാളികൾ, മാനേജ്മെന്റ് എന്നിവർക്ക് വേഗത്തിൽ ലഭ്യമാക്കുക.
2. ഓഫീസ് ജോലികൾ വേഗത്തിലാക്കുക.
3. ഇ-ഗവേണൻസ് നടപ്പിലാക്കുക.

(സി) വകുപ്പിന്റെ സേവനങ്ങൾ വളരെ വേഗത്തിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതാണ്. രജിസ്ട്രേഷൻ, റിന്യൂവൽ, ക്യാൻസലേഷൻ, വാർഷിക-അർദ്ധവാർഷിക റിട്ടേണുകൾ എന്നിവ സമർപ്പിക്കൽ, അപേക്ഷകൾ സമർപ്പിക്കൽ, ഇ-പേയ്മെന്റ് സംവിധാനം തുടങ്ങിയ സേവനങ്ങൾ ഇതിലൂടെ ലഭ്യമാണ്. കൂടാതെ Boiler Attendant Exam (2nd & 1st Class), Boiler

LIBRARY ARCHIVES Kerala Legislative Assembly

Operation Engineers Exam എന്നിവയുടെ അപേക്ഷ, ഫീസ് എന്നിവ ഓൺലൈൻവഴി സ്വീകരിക്കുക, ഹാൾ ടിക്കറ്റ്, പരീക്ഷാഫലം ഇവ നേരിട്ട് അപേക്ഷകനെ അറിയിക്കുക എന്നീ സേവനങ്ങളും ഓൺലൈൻവഴി ലഭ്യമാക്കുന്നതാണ്.

(ഡി) വകുപ്പിന്റെ എല്ലാ ഓഫീസുകളും കമ്പ്യൂട്ടർവൽക്കരിക്കുകയും ഇന്റർനെറ്റ് സംവിധാനം ഏർപ്പെടുത്തുകയും ചെയ്തു. ഓൺലൈൻ സേവനത്തിനായി വകുപ്പിന്റെ സോഫ്റ്റ്വെയർ പരിഷ്കരിക്കുകയും ഇ-പേയ്മെന്റ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ തുടങ്ങിയിട്ടുമുണ്ട്.

പട്ടികജാതിയിൽപ്പെട്ടവർക്ക് വരുമാന പദ്ധതി

169 (8229) ശ്രീ. എസ്. ശർമ്മ :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) പട്ടികജാതിയിൽപ്പെട്ടവർക്കായി 2012-13 വർഷം പ്രഖ്യാപിച്ച 115 കോടി രൂപയുടെ വരുമാന പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ ;

(ബി) പദ്ധതിയുടെ അവലോകനം നടത്തിയിരുന്നോ ; എങ്കിൽ അതിന്റെ വിശദവിവരം അറിയിക്കാമോ ;

(സി) പദ്ധതിക്കായി എത്ര തുക ചെലവഴിച്ചെന്നും അതിനനുസൃതമായ പ്രയോജനം പട്ടികജാതി സമൂഹത്തിനു ലഭ്യമായിട്ടുണ്ടോ എന്ന കാര്യങ്ങളും പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിവരം ലഭ്യമാക്കുമോ ?

ഉത്തരം

(എ) സ്വയം പര്യാപ്ത പട്ടികജാതി ഗ്രാമം പദ്ധതി, ചികിത്സാ ധനസഹായ പദ്ധതി (മാരകരോഗം ബാധിച്ചവർക്ക് ഒരു ലക്ഷം രൂപവരെ) 25,000 പട്ടികജാതി കുടുംബങ്ങൾക്ക് 25,000 രൂപവരെ നൽകുന്ന ശവസംസ്കാര ധനസഹായപദ്ധതി, പട്ടികജാതി യുവജനങ്ങൾക്ക് തൊഴിൽ പരിശീലനം നൽകുന്ന പദ്ധതി, പട്ടികജാതി വനിതകൾ ഉൾപ്പെടുന്ന സ്വയംസഹായ സംഘങ്ങൾക്ക് QRG (കാട, മുയൽ, ആട്) പദ്ധതി എന്നിങ്ങനെ വിവിധ പദ്ധതികൾക്കായി 2012-13

LIBRARY ARCHIVES Kerala Legislative Assembly